# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി2/493/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 19/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി2/493/2021 തീയ്യതി: 19/03/2021

## കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 02-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2021 | 15-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എം മനോഹരൻ ഓഡിറ്റ് ഓഫീസർ( ഹ ഗ്രേ)
ശ്രീമതി എ കെ ഷൈന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അഫ്സൽ ടി എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉസൈൻ എൻ സി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| റോസമ്മ ജേക്കബ് | സെക്രട്ടറി | 01-04-2019 | 11-07-2019 |
| സുമേഷ് കെ | സെക്രട്ടറി | 12-07-2019 | 22-11-2019 |
| മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-11-2019 | 08-12-2019 |
| സുമേഷ് കെ | സെക്രട്ടറി | 09-12-2019 | 26-12-2019 |
| മുജീബ് പി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മുജീബ് പി സി | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 31-03-2020 |
| ഡോ ഹൈഫ മൊയ്തീൻ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശാലിനി വി | ഐ സി ഡി എസ് സൂപർവൈസർ | 01-04-2019 | 31-03-2020 |
| നസീർ ടി കെ | കൃഷി ഓഫീസർ | 01-04-2019 | 15-11-2021 |
| ശുഭ സി വി | കൃഷി ഓഫീസർ | 16-11-2019 | 31-03-2020 |
| അബ്ദുൽ ശുക്കൂർ എം | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ വിക്രാന്ത് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീജ ടി എസ് | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശിൽപ പ്രസാദ് പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 29-07-2019 |
| ജീന കെ | അസിസ്റ്റന്റ് എൻജിനീയർ | 30-07-2019 | 31-03-2020 |
| സുമില കെ ടി | ഡി ഇ ഒ | 01-04-2019 | 31-03-2020 |
| ഡോ ബിനോയ് | മെഡിക്കൽ ഓഫീസർ(ആയു) | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manoharan M. (Audit Officer (HG), On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Manoharan M. (Audit Officer (HG), On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-1-1 |
| 3 | ബജറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Manoharan M. (Audit Officer (HG), On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-2 |
| 5 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Manoharan M. (Audit Officer (HG), On 14-03-2021)<br>Last Updated By: Manoharan M. (Audit Officer (HG), On 16-03-2021) | 1-5 |
| 9 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Manoharan M. (Audit Officer (HG), On 14-03-2021)<br>Last Updated By: Manoharan M. (Audit Officer (HG), On 14-03-2021) | 1-5-1 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-6 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിലും റജിസ്റ്റർ സൂക്ഷിപ്പിലും അപാകത<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-6-1 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shyna A.K (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-7 |
| 13 | ക്യാഷ് ബാലൻസ്<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: Manoharan M. (Audit Officer (HG), On 13-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-9 |
| 15 | മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങളിൽ നടപടി സ്വീകരിച്ചില്ല<br>Written By: Afsal T.M (Auditor, On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-10 |
| 16 | തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച് | 1-11 |

| | | |
|---|---|---|
| | Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | |
| 17 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-12 |
| 18 | 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-13 |
| 19 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു.<br>Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-14 |
| 20 | ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്<br>Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-15 |
| 21 | കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു/ ലഭ്യമല്ല<br>Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-16 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച<br>Written By: Manoharan M. (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-17 |
| 23 | കരാർ പ്രകാരം പ്രവർത്തി നടത്താത്ത കരാറു കാരനെതിരെ നടപടി സ്വീകരിച്ചില്ല, പ്രവർത്തികൾക്ക് അധികതുക ചെലവഴിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-18 |
| 24 | ചെറ്റക്കടവ് തോടിന്റെ അതിർത്തിയിൽ സർവ്വെകല്ല് സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല<br>Written By: Manoharan M. (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-19 |
| 25 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ നിർമ്മാണം നടത്തി<br>Written By: Manoharan M. (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-20 |
| 26 | കേരളോത്സവം - ഫൈനൽ ബില്ലിനൊപ്പം ഹാജരാക്കിയ ചെലവു രേഖകൾ പൂർണ്ണമല്ല<br>Written By: Manoharan M. (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-21 |
| 27 | പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ റജിസ്റ്ററുകൾ തയ്യാറാക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-22 |
| 28 | ഇ- ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് | 1-23 |

| | | |
|---|---|---|
| | പ്രവർത്തികളുടെ ടെണ്ടർ ഫോറം വില , ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്നില്ല.<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | |
| 29 | എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായി തയ്യാറാക്കുന്നില്ല.<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-24 |
| 30 | എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവർത്തിയ്ക്ക് അധികതുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-25 |
| 31 | ജി.എസ്.ടി ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-26 |
| 32 | ദുരിതാശ്വാസനിധി ദുരിതനിവാരണത്തിനായി പ്രയോജനപ്പെടുത്തുന്നില്ല<br>Written By: Manoharan M. (Audit Officer (HG), On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-27 |
| 33 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യകുറവ് - പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-28 |
| 34 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കൃത്യത പരിശോധിക്കപ്പെടുന്നില്ല<br>Written By: Manoharan M. (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-29 |
| 35 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പാലാക്കിയിട്ടില്ല<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-30 |
| 36 | പാലിയേറ്റിവ് പരിചരണ പദ്ധതി - മരുന്നുകൾ പൂർണമായും ലഭിച്ചില്ല<br>Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-31 |
| 37 | സംയുക്ത പ്രോജക്ടിന് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-32 |
| 38 | കൃഷി ഭവൻ ഓഫീസ് കണ്ടിജൻസി ചെലവ് പദ്ധതി നടത്തിപ്പിലെ അപാകത<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-33 |
| 39 | കിണർ റീ ചാർജിങ്ങ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-34 |
| 40 | ശുചിത്വ-മാലിന്യ സംസ്കരണം,-പദ്ധതികൾ നടപ്പാക്കിയില്ല<br>Written By: Afsal T.M (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 1-35 |
| 41 | അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാക്കൽ - പദ്ധതി | 1-36 |

| | | |
|---|---|---|
| | നടപ്പാക്കുന്നതിൽ കാലതാമസം<br>Written By: Manoharan M. (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | |
| | **ഭാഗം 2** | |
| 1 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 2-1 |
| 2 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു.<br>Written By: Afsal T.M (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 2-2 |
| | **ഭാഗം 3** | |
| 1 | എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവർത്തിയ്ക്ക് അധികതുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| | Written By: Afsal T.M (Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 19-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5443666 |
| വരവ് | 171057621 |
| ആകെ | 176501287 |
| ചെലവ് | 171960096 |
| നീക്കിയിരിപ്പ് | 4541191 |

ഗ്രാമപഞ്ചായത്ത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5.2.19 തീയതിയിലെ യോഗത്തിൽ കരട് ബജറ്റ് അംഗീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. തുടർന്ന് 14.2.2019ലെ ഭരണസമിതിയുടെ സാധാരണ യോഗത്തിൽ കരട് ബജറ്റ് അവതരിപ്പിക്കുകയും, തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 4.3.2020 ലെ 5/1 തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ. (സാധാ) നം. 3291/2016/ ത.സ്വ.ഭ.വ. തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും നിശ്ചിത നടപടിക്രമവും സമയക്രമവും നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരം ഡിസംബർ 15 ന മുമ്പായി വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതും ജനവരി 15 ന മുമ്പ്സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം യോഗം വിളിച്ചു ചേർക്കുകയോ, സ്ഥാപന മേധാവികളിൽ നിന്നും പദ്ധതിയേതര നിർദ്ദേശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല നിർവ്വഹണ ഉദ്യോഗസ്ഥരുടെ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്തതായും കാണുന്നില്ല. ഫെബ്രുവരി 1 ന മുമ്പായി സ്റ്റാൻഡിംഗ് കമ്മിററി ചെയർമാന്മാർ ബജറ്റ് എസ്റ്റിമേറ്റുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാർച്ച് 1 ന മുമ്പായി പദ്ധതി പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടതുമാണ്. 5.2.2019ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും ബജറ്റ് ഫയലിനൊപ്പം അനുബന്ധരേഖകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

### 1-1-2 ബജറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 29.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. തൻ വർഷത്തെ RP 43 പ്രകാരം Recievables For Property Tax On Residential Buildings(Arrear) 11695/- രൂപയും, Recievables For Property Tax On Non Residential Buildings(Arrear) 1124/- രൂപയുമാണ്. എന്നാൽ 18-19 വർഷത്തെ B-15 പ്രകാരം ഈ ശീർഷകങ്ങളിൽ കുടിശ്ശിക കാണിച്ചിട്ടില്ല.
2. B4 പ്രകാരം സംയുക്ത പ്രൊജക്ടിന്റെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1000000/- രൂപ ചെലവഴിക്കാതെ കിടക്കുന്നുണ്ട്. 18-19 ലെ B4 പ്രകാരവും ഈ തുക നീക്കിയിരിപ്പുണ്ടായിരുന്നു. പദ്ധതി നിർവഹണത്തിനായി ബ്ലോക്കിൽ നിന്നും ലഭിച്ച തുക ചെലവഴിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.
3. ഷോപ്പിങ് കോംപ്ലക്സ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.
4. ആസ്തി രജിസ്റ്റർ പൂർണമല്ല.
5. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

   വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11245134 |
| ഓഡിറ്റ് വർഷത്തെ വരവ് | 59431714 |
| ആകെ | 70676848 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58498425 |
| നീക്കിയിരിപ്പ് | 12178423 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ക്യൂ ബിൽ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14221000 | 14221000 | 11082853 | 3138147 | 2002700 |
| വികസന ഫണ്ട് (എസ് സി പി) | 0 | 4781000 | 4781000 | 3840979 | 940021 | 709728 |
| വികസന ഫണ്ട്-ടി.എസ്.പി | - | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, | - | 8963000 | 8963000 | 7707524 | 1255476 | 1255476 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് | - | 4214000 | 4214000 | 2700726 | 1513274 | 843403 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 10871680 | 10871680 | 3944088 | 6927592 | 5781159 |
| കേന്ദ്രാവിഷ്കൃതം (ഐ.സ്.ഡി.എസ്)* | 1355906 | 939690 | 2295596 | 1570882 | 724714 | |
| ടി എസ് സി | 1264708 | 0 | 1264708 | 1149755 | 114953 | |
| പൈക്ക | 14304 | 496 | 14800 | 0 | 14800 | |
| എം പി ഫണ്ട് | 0 | 776354 | 776354 | 776354 | 0 | |
| സംസ്ഥാനാവിഷ്കൃതം | 58372 | 0 | 58372 | 25800 | 32572 | |

2019- 20 വർഷത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 6927592/- രൂപയാണ് ചെലവഴിക്കാൻ സാധിക്കാതെ വന്നത് ഇതിൽ 5781159/- രൂപ ക്യൂ ബിൽ ആണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലേക്ക് പദ്ധതികൾ നീട്ടി കൊണ്ട് പോവുന്നത് കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഭരണസമിതി പദ്ധതി നടത്തിപ്പിൽ കാല താമസമുണ്ടാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

<u>1-5 പദ്ധതി അവലോകനം</u>

| അംഗീകാരം ലഭിച്ചത് | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 72374426 | 40783047 | 173 | 20 | 60 | 68 |

<u>1-5-1 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

2019-20 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ ആദ്യയോഗം 2.10.2018 ചേർന്നു. തുടർന്നുള്ള യോഗങ്ങൾ 23.10.2018, 13.11.2018, 24.11.2018 തീയതികളിൽ നടന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പുതിയ സ്ഥിതി വിവര കണക്കുകൾ കൂടി കണക്കിലെടുത്ത് അവസ്ഥാവിശകലനം പുതുക്കേണ്ടതാണെങ്കിലും ആയത് പ്രാവർത്തികമായിട്ടില്ല. ആയതിനാൽ വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും കണ്ടെത്തി ശരിയായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് കഴിയാതെ വരുന്നു. ജി.ഒ.(എം.എസ്) 11/2018/ ത.സ്വ..ഭ.വ/Lതീ.29.01.2018 നമ്പറായി പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനട്സ് ബുക്ക് പരിശോധിച്ചതിൽ, കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം വിളിച്ചുചേർക്കുന്നില്ല. പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണം മോണിട്ടർ ചെയ്യുന്നില്ല. ഉദാഹരണമായി, മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. സാങ്കേതികാനുമതിക്കായി പ്രൊജക്ടുകൾ സമർപ്പിക്കുന്നതിൽ അനാവശ്യ കാലതാമസം

വന്നതിനാലും സാങ്കേതികാനുമതി ലഭിച്ചതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി കരാർ വെയ്ക്കാൻ വൈകിയതിനാലും ചില പ്രൊജക്റ്റുകൾ സ്പിൽഓവറായിട്ടുണ്ട്. സ്പിൽഓവർ പ്രവൃത്തികൾക്ക് തൻവർഷ അലോട്ടുമെന്റിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ പുതിയ പ്രവൃത്തികൾക്ക് ഫണ്ടിന്റെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്.

ആരോഗ്യ മേഖലയിൽ പാലിയേറ്റീവ് പദ്ധതിക്കായി മരുന്ന് ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എല്ലിന് മുൻകൂർ തുക നൽകിയെങ്കിലും ഓഡിററ് തീയതിവരെയും മരുന്ന് മുഴുവനായും ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അവലോകനം ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട പ്രൊജക്ടുകളുടെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതും ഓരോ പ്രൊജക്റ്റിന്റെയും ക്ഷമത, പ്രായോഗികത,നിയമസാധുത, വിജയസാധ്യത എന്നിവ ചർച്ച ചെയത് ഉറപ്പുവരുത്തേണ്ടതുമാണെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പിൽ ഇക്കാര്യങ്ങൾ ചർച്ചചെയ്യപ്പെടുന്നില്ല.

## 1-6 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | യഥാർത്ഥ ചെലവ് (സേവന സോഫ്റ്റ് വെയർ പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2384400 | 410 |
| വിധവാ പെൻഷൻ | 5932200 | 1026 |
| വാർദ്ധക്യകാല പെൻഷൻ | 7211400 | 1316 |
| വികലാംഗ പെൻഷൻ | 2376500 | 412 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 195600 | 66 |
| തൊഴിൽ രഹിത വേതനം | 129120 | 136 |

### 1-6-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിലും റജിസ്റ്റർ സൂക്ഷിപ്പിലും അപാകത

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കുമുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|
| ശ്രീമതി. പ്രഭാറാണി.കെ | വിധവ പെൻഷൻ | 10.04 .2019 | 3/19-1 19.10.2019 |
| ശ്രീമതി. പാത്തുട്ടി തളിയിൽ | | 04.05.2019 | 3/19/ 16.11.2019 |
| ശ്രീമതി.മറിയം കണ്ണോങ്കണ്ടി | | 10.06.2019 | 5/19 10.11.2019 |

| | | | |
|---|---|---|---|
| ശ്രീ. അത്മാൻ | കർഷകത്തൊഴിലാളി പെൻഷൻ | 10.04.2019 | 2/19 16.07.2019 |
| ശ്രീ. സുധാകരൻ | | 01.11.2019 | 2/20 16.01.2020 |
| ശ്രീ. സുജീഷ് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 06.12.2019 | 3/20.1 30.04.2020 |
| ശ്രീ.ആൻസിൽ റഹ്മാൻ | | 04.12.2019 | 3/20.1 30.04.2020 |
| ശ്രീ.കുഞ്ഞിരാമൻ | വാർദ്ധക്യകാല പെൻഷൻ | 9.04.2019 | 1/19 06.07.2019 |
| ശ്രീ.മൊയ്തീന് കോയ | | 10.04.2019 | 1/19/ 06.07.2019 |

പെൻഷനുള്ള അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് നൽകുന്നതിലും അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിക്കുന്നതിലും ഇവയിൽ തീരുമാനമെടുക്കുന്നതിലും കാലതാമസം വരുന്നതായി കാണുന്നു. കർഷക തൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. കൂടാതെ പെൻഷൻ അപേക്ഷാ റജിസ്റ്ററുകളിൽ അപേക്ഷകളിൽമേലുള്ള തുടർ നടപടി കൃത്യമായി എഴുതുന്നില്ല. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനും അപേക്ഷാ റജിസ്റ്റർ പൂർണ്ണ മാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2733 | 1697035 | 1699768 | 1690492 | 9276 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13066092 | 13066092 | 13066092 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 18 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 8992 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3331 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 753 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 234 |
| | |

| | |
|---|---|
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 54 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 258 |
| വകയിരുത്തിയ തുക | 44313999 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 105 |
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 11392951 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ് ) | 1673141 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്കു നൽകി തൻവർഷം ലഭിച്ച തുക | 241024 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 21930342 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 21930342 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-03-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29429/- രൂപയുടെ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നു. ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവയുമായി പരിശോധിച്ച് അതിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

1. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.
2. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല.പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
3. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ

നിർവ്വഹിക്കുന്നതിനും മറ്റും ബുദ്ധിമുട്ടനുഭവപ്പെടുന്ന സാഹചര്യത്തിലും നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധചെലുത്തുന്നില്ല.

4. ഉദ്യോഗസ്ഥരുടെ യാത്രാബില്ലുകളൊടൊപ്പം യാത്രാഡയറി സമർപ്പിക്കുന്നില്ല. പല ബില്ലുകളിലും യാത്ര ആരംഭിച്ച സമയം, എത്തിച്ചേർന്ന സമയം എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാരുടെ അറ്റന്റൻസ് സർട്ടിഫിക്കറ്റ് ബില്ലിനൊപ്പം സമർപ്പിക്കുന്നില്ല. യാത്രാ ബത്ത ബില്ലുകൾ കെ.എസ്.ആർ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കപ്പെടുന്നില്ല.

5. പാലിയേറ്റീവ് കെയർ രോഗികൾക്കായി മരുന്ന് ലഭ്യമാക്കുന്നതിന് മുൻകൂർ തുക നൽകിയിരുന്നുവെങ്കിലും മരുന്ന് ലഭിക്കാൻ കാലതാമസം നേരിട്ടു. കാലതാമസം വരുത്തിയിട്ടും മരുന്നുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി, എന്നിവരുടെ ഭാഗത്തു നിന്നും യാതൊരു ഇടപെടലും ഉണ്ടായിട്ടില്ല.

6. ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നല്കുകയോ ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല. കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല.ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം. പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) തൊഴിൽ നികുതി, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടു ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-10 മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങളിൽ നടപടി സ്വീകരിച്ചില്ല

വിവിധ വിഷയങ്ങളിൽ മുൻകാല റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ നാളിതുവരെ പരിഹരിച്ചില്ലെന്ന് ഈ വിഷയങ്ങളിലെ നിലവിലെ അവസ്ഥ വെളിവാക്കുന്നു. 2017-18,2018-19 വർഷത്തെ റിപ്പോർട്ടിലെ വരവിനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിൽ ഒന്നു പോലും തീർപ്പാക്കിയിട്ടില്ല. 2017-18, 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോറ്ട്ടുകൾക്ക് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം നിയമപരമായി നൽകേണ്ട പ്രഥമമറുപടി സ്ഥാപനം ലഭ്യമാക്കാതിരുന്നതിനെ തുടർന്ന് അനന്തരറിപ്പോർട്ട് പുറപ്പെടുവിക്കുകയാണ് ചെയ്തിട്ടുള്ളത്.
മുൻ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ അതെ പോലെ തുടരുന്നതിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1)കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു- നികുതി നഷ്ടം സംഭവിക്കുന്നു (ഓ.റി 2017-18 ഖണ്ഡിക 2-1) ഉദാ.. പല ചരക്ക് കട സ്ഥിതി ചെയ്യുന്ന 1/490 നമ്പർ കെട്ടിടത്തിന് , നികുതി ഒഴിവാക്കി നൽകിയത് ഈ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. നാളിത് വരെ ഈ അപാകത പരിഹരിച്ചിട്ടില്ല. ഇതെ കെട്ടിടത്തിൽ 20-21 വർഷവും FTEA&OS ലൈസൻസ് നൽകിയിട്ടുണ്ട്.(ഓ.റി 2019-20 ഖണ്ഡിക 1-16)

2)FTEA&OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് (ഓ.റി 2018-19 ഖണ്ഡിക 1-17,ഓ.റി 2017-18 ഖണ്ഡിക 2-2,ഓ.റി 2019-20 ഖണ്ഡിക 1-15).

3)ലോഡ്ജിങ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്ക് ഉപയോഗിച്ചത് (ഓ.റി 2018-19 ഖണ്ഡിക 1-13). പഞ്ചായത്ത് ലഭിക്കേണ്ട വരുമാനത്തിന് വലിയ നഷ്ടമാണ് കെട്ടിടങ്ങളുടെ തരം മാറ്റുന്നതിലൂടെ സംഭവിക്കുന്നത്. ഈ ഗുരുതരമായ അപാകത ഈ വർഷവും ആവർത്തിക്കുന്നു. (ഖണ്ഡിക 1-14).

വിവിധ വിഷയങ്ങളിലെ അപാകതകൾ മുൻകാല റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടും നാളിതുവരെ അവ തിരുത്തപ്പെടാത്ത അവസ്ഥാ വിശേഷം സ്ഥാപനത്തിൽ നിലനില്ക്കുന്നു.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേശങ്ങൾക്കും അർഹമായ പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്ന് മേൽ വസ്തുതകൾ വെളിവാക്കുന്നു. ഉദ്യോഗസ്ഥർ മുതൽ ഭരണസമിതി വരെയുള്ള വിവിധ തലങ്ങളിലെ ജാഗ്രതക്കുറവാണ് അപാകതകൾ ആവർത്തിക്കാൻ കാരണമെന്നു കാണാം. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിശദാംശം സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| തൊഴിൽ നികുതി രജിസ്റ്റർ ക്രമ നം | വാർഡ് നം/സ്ഥാപനത്തിന്റെ പേര് |
|---|---|
| 29 | വലിയ പറമ്പിൽ സർവീസ് സഹകരണ ബാങ്ക് |
| 32 | മലബാർ ആയുർവേദ മർമ്മ യൂനാനി കേന്ദ്രം |
| 38 | മറിവീട്ടിൽ താഴം ക്ഷീരോൽപാദക സഹകരണ സംഘം |
| 39 | ടെക്നിക്സ് ഇലക്ട്രോണിക്സ് |
| 40 | എളേറ്റിൽ പോസ്റ്റ് ഓഫീസ് |
| 41 | വലിയ പറമ്പ പോസ്റ്റ് ഓഫീസ് |

| | |
|---|---|
| 46 | എളേറ്റിൽ ഹോസ്പിറ്റൽ &നർസിങ് ഹോം |
| 47 | വാദി ഹുസ്ന പബ്ലിക് സ്കൂൾ, എളേറ്റിൽ |
| 48 | അക്ഷയ സെന്റർ എളേറ്റിൽ |
| 49 | അക്ഷയ സെന്റര് കച്ചേരിമുക്ക് |
| 50 | ആൾട്രാൺ ഡിജിറ്റൽ സിസ്റ്റം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്യുതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്തു ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ. യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത് .ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും(സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി(ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി(ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 1/98 A<br>കെ.പി മുഹമ്മദ് കോയ, കരിമ്പാപൊയിൽ, എളേറ്റിൽ,673572<br>(നികുതി പ്രാബല്യത്തിൽ | 103.4 | 30 | (വഴി സൗകര്യം 20%വർദ്ധനവ്,)<br>3723+187=3910 | 50 | വഴി സൗകര്യം 20%വർദ്ധനവ്,<br>6204+310=6514 | 2014-15=2604<br>2015-16=2604<br>2016-17=2604<br>2017-18=2604<br>2018-19=2604 |

| | | | | | | |
|---|---|---|---|---|---|---|
| വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | | | | | | 2019-20=2604<br>Total= 15624 |
| 1/687 A<br>ശൈഖ് അക്ബർ . കെ.കെ,ഹിലാൽവിയൂ, വളപ്പിൽ,മാവൂർ,673661<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2018 രണ്ടാം അർദ്ധവർഷം മുതൽ) | 105.83 | 30 | (വഴി സൗകര്യം 20%വർദ്ധനവ്,<br>മേൽക്കൂര ഇളവ് 10% മേഖല ഇളവ് 10%)<br>3175+159=3334 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>മേൽക്കൂര ഇളവ് 10% മേഖല ഇളവ് 10%)<br>5292+265=5557 | 2018-19= 1112<br>2019-20=2223<br>Total= 3335 |
| 2/87 A<br>എ.കെ അബ്ദുൽ മജീദ് പ്രസിഡണ്ട് മഊനത്തുൽ ഹുദാ സുന്നിയ മദ്രസ, എളേറ്റിൽ, എളേറ്റിൽ,673572,,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 132.48 | 30 | (വഴി സൗകര്യം 20%വർദ്ധനവ്,<br>മേഖല ഇളവ് 10%)<br>4372+219=4591 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>,മേഖല ഇളവ് 10%)<br>7286+364=7650 | 2014-15=3059<br>2015-16=3059<br>2016-17=3059<br>2017-18=3059<br>2018-19=3059<br>2019-20=3059<br>Total= 18354 |
| 16/524A<br>മരക്കാർഹാജി 2. കഞ്ഞീമ ഉമ്മ, ആനപ്പാറക്കൽ, എളേറ്റിൽ, 673572<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 140 | 30 | (വഴി സൗകര്യം 20% വർദ്ധനവ്,<br>5040+252=5292 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>8400+420=8820 | 2013-14=3528<br>2014-15=3528<br>2015-16=3528<br>2016-17=3528<br>2017-18=3528<br>2018-19=3528<br>2019-20=3528<br>Total= 24696 |
| 16/524B<br>മരക്കാർഹാജി കഞ്ഞീമഉമ്മ, ആനപ്പാറക്കൽ,, എളേറ്റിൽ,673572<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 140 | 30 | (വഴി സൗകര്യം 20%വർദ്ധനവ്,<br>ഒന്നാം നില ഇളവ് 5%)<br>4788+240=5028 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>ഒന്നാം നില ഇളവ് 5%)<br>7980+399=8379 | 2013-14=3351<br>2014-15=3351<br>2015-16=3351<br>2016-17=3351<br>2017-18=3351<br>2018-19=3351<br>2019-20=3351<br>Total- 23457 |
| | | | | | ആകെ | 85466 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ

അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 14064/- രൂപ (2481 + 2117 + 2914 + 3360 + 3192 = 14064, ഗ്രന്ഥശാലാവരി 703 രൂപ).

**1-13 12 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്**

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6), പരിശോധിച്ചപ്പോൾ 12 ച.മി. വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള 23 കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മി) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 1/266 | 6 | മുഹമ്മദ്, മാളിയേക്കൽ, എളേറ്റിൽ, 673572. |
| 2 | 1/534 | 1.74 | ഉസ്സയിൻ.പി.സി, പറങ്കിച്ചാലിൽ, എളേറ്റിൽ, 673572. |
| 3 | 4/145 | 7.2 | കെ സുരേഷ്, കുളിതവുങ്ങൽ, വലിയപറമ്പ്, 673572. |
| 4 | 4/214 | 10 | അബ്ദുറഹിമാൻകുട്ടി,<br>അബ്ദുൽ നസീർ പാറക്കണ്ടിയിൽ, വലിയപറമ്പ്, 673572. |
| 5 | 7/58 A | 6 | മുഹമ്മദ്, പറക്കുന്നുംചാലിൽ, ആവിലോറ, 673572. |

ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ വ്യക്തമാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിക്കേണ്ടതും അവ വാണിജ്യ കെട്ടിടങ്ങളാണെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**1-14 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു.**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 20/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്നും, കെട്ടിടം ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുമ്പോൾ പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതി ദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിന് നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കി. നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്സ്) | ബാധക മാക്കേണ്ട നികുതി നിരക്ക് | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 15/5A | 48.56 | 4 | (വഴി സൗകര്യം | 20 | വഴി സൗകര്യം | 931+46=977 |

| | | | | | | |
|---|---|---|---|---|---|---|
| അബ്ദുൽഗഫൂർ,<br>ഒറ്റക്കാം<br>തൊട്ടുകയിൽ,<br>വാവാട്, | | | 20%വർദ്ധനവ്,)<br>234+12=246 | | 20%വർദ്ധനവ്,<br>1165+58=1223 | |
| 15/5B | 45.3 | 4 | 218+11=229 | 20 | 1087+54=1141 | 869+43=912 |
| 15/5C | 42.54 | 4 | 205+11=216 | 20 | 1021+51=1072 | 816+40=856 |
| 15/5D | 36 | 4 | 173+9=182 | 20 | 864+43=907 | 691+34=725 |
| 15/5E | 57 | 4 | 274+14=288 | 20 | 1368+68=1436 | 1094+54=1148 |
| 15/5F | 55 | 4 | 264+14=278 | 20 | 1320+66=1386 | 1056+52=1108 |
| 15/5G | 46.4 | 4 | 223+12=235 | 20 | 1114+56=1170 | 891+44=935 |
| 15/5H | 46.4 | 4 | 223+12=235 | 20 | 1114+56=1170 | 891+44=935 |
| | | | | | ആകെ | 7239+357=7596 |
| 06/346 E<br>പ്രസിഡന്റ്,<br>ജുമാമസ്ജിദ്<br>ഉരുളിക്കുന്നുമൽ,<br>ആവിലോറ,<br>ആവിലോറ,<br>673572 | 53.76 | 4 | (വഴി<br>സൗകര്യം<br>20%വർദ്ധനവ്,)<br>ഒന്നാം നില ഇളവ് 5%)<br>237+12=249 | 20 | (വഴി<br>സൗകര്യം<br>20%വർദ്ധനവ്,)<br>ഒന്നാം നില ഇളവ്<br>5%)<br>1226+61=1287 | 989+49=1038 |
| 06/346 F | 53.76 | 4 | 237+12=249 | 20 | 1226+61=1287 | 989+49=1038 |
| | | | | | ആകെ | 1978+98=9672 |

മേൽ പത്രിക പ്രകാരം വസ്തുനികുതി നിർണ്ണയത്തിൽ കുറവു വന്ന 9672/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡാറ്റാ പ്യൂരിഫിക്കേൻ നടത്തി ഇപ്രകാരം നികുതി തെറ്റായി നിർണ്ണയിച്ച മറ്റു കെട്ടിടങ്ങളുടെ വിവരം ശേഖരിക്കേണ്ടതും, ഇവയുടെ നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

1)കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1)ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ------ 2550

100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് ------ --- 97

200 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ള ----------- 32

ഷോപ്പിങ് മാളുകൾ

വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെന്റർ ---------- 06

വ്യവസായിക ആവശ്യത്തിനുള്ളത് ---------------- 20

ഇതര വ്യവസായത്തിനുള്ളത് ---------------------- 20

ആകെ -------------------------------------- 2725

വാക്കൻസി റമിഷൻ ----------------------------- 47

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2725കെട്ടിടങ്ങൾ ഉണ്ട്, അതിൽ 47കെട്ടിടങ്ങൾക്ക് മാത്രമേ വാക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻ വർഷം 427പേർ മാത്രമാണ് ഏഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. ഇക്കാര്യം ഇതു വരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത് മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-16 കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു/ലഭ്യമല്ല

2019-20 വർഷത്തെ FTEA & OS ലൈസൻസ് രജിസ്റ്റർ പ്രകാരം 427 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. പഞ്ചായത്തിലെ ഒന്നാം വാർഡിലെ FTEA & OS ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ ഉപയോഗ ക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി കാണിച്ചതും, സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു. ഉദാ-

| ഡി&ഒലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ | ഡി&ഒലൈസൻസ് രജിസ്റ്റർ പ്രകാരംകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 52 | 1/490 | പല ചരക്ക് കച്ചവടം | കാദർ.ടി.പി. തൊള്ളംപാറയിൽ, എളേറ്റിൽ, 673572. | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ |
| 56 | 1/128 C | വെറൈറ്റി സൂപർ മാർക്കറ്റ് | ---- | Building Not Found |
| 255 | 1/291 | നേഹ ഡിജിറ്റൽ സ്റ്റുഡിയോ | ----- | Building Not Found |

കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറുന്നത് മൂലവും, സഞ്ചയയിൽ ചേർക്കാത്തത് മൂലവും നികുതി നഷ്ടം സംഭവിക്കുന്നു. സഞ്ചയയിൽ ഇത്തരം അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം ശരിയായ രീതിയിലാണോ നിശ്ചയിച്ചത് എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശം

പാലിക്കുന്നതിൽ വീഴ്ച

പ്രൊജക്ട് നം. : 76/20

അടങ്കൽ : 180000/-രൂപ

ചെലവു തുക : 168844/- രൂപ

നിർവ്വഹണം : ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിലെ 34 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫിഡ്കോ എന്റർപ്രൈസസ്, ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും മേശയും കസേരയും വാങ്ങി നൽകുന്നതിനായി ഒരാൾക്ക് ഒരു സെറ്റിന് (1 മേശ, 1കസേര) 4966/രൂപവീതം 168844/- രൂപ ചെലവഴിച്ചിട്ടിട്ടുണ്ട്. ജി.ഒ. (എം.എസ്.) 22/2018/ത.സ്വ.ഭ.വ./തീ.14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ നേരത്തെ ഫർണ്ണീച്ചർ ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. എന്നാൽ ഫർണിച്ചർ കൈപ്പറ്റിയ (1)ശ്രേയകൃഷ്ണൻ. എൻ.കെ., D/Oകൃഷ്ണൻ, (2) സമീറ ഗിരീഷ്, D/O ഗിരീഷ് കുമാർ (3) ശ്രാവൺ ശ്രീജിത്, S/O ശ്രീജിത് എന്നീ വിദ്യാർത്ഥികൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും നേരത്തെ ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക 14898/- രൂപ (4966 X 3) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 കരാർ പ്രകാരം പ്രവർത്തി നടത്താത്ത കരാറു കാരനെതിരെ നടപടി സ്വീകരിച്ചില്ല, പ്രവർത്തികൾക്ക് അധികതുക ചെലവഴിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ കരാറുകാർ കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി ആരംഭിക്കാതിരുന്നിട്ടും കരാറുകാർക്കെതിരെയാതൊരു നടപടിയും എടുക്കാതിരിക്കുകയും അധിക ചെലവ് വരുത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്. 2017-18 കരാറിലേർപ്പെട്ട പ്രവർത്തിയ്ക്ക് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത് 2019-20 വർഷത്തിലാണ്. കരാർ പ്രകാരം പ്രവർത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്ത്വത്തിൽ പ്രവർത്തി റി ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. 2017-18 വർഷത്തിൽ പ്രാബല്യത്തിലുള്ള 42.16 ശതമാനം നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവർത്തികളാണ് നടപ്പാക്കിയത്. 2019-20 വർഷത്തിൽ കോസ്റ്റ് ഇൻഡക്സ് 31.06 ശതമാനം എന്ന തോതിൽ നിർണയിച്ച് പ്രവർത്തി നടത്തിയിരുന്നെങ്കിൽ അധികം ചെലവ് ഉണ്ടാകുമായിരുന്നില്ല.

പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് 42.16 % കോസ്റ്റ് ഇൻഡക്സിൽ | കരാറുകാരൻ അഗ്രി. നമ്പർ, തിയ്യതി. | ടി.എസ് പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ്. സൈറ്റ് കൈമാറിയ തിയ്യതി | പ്രവർത്തി പൂർത്തീ കരിച്ച തിയ്യതി എം. ബുക്ക് പ്രകാരം |
|---|---|---|---|---|---|
| 1 | 204/19-20 | 115000/- | ശ്രീ.പ്രമോദ് | 8 മാസം | 25.02.209 |

| | | | | | |
|---|---|---|---|---|---|
| | പി.സി കുഞ്ഞാലി റോഡ് | (റോഡ് മെയിന്റനൻസ് ഫണ്ട്)ബിൽ നം.14/16.07.19 | .കെ.എം 52/17-18/31.3.18 | 31.03.18 | എം.ബുക്ക് (381/18-19) കരാർ കാലാവധി കഴിഞ്ഞ് 02.02.2019 നാണ് പ്രവർത്തി തുടങ്ങിയത് |
| 2 | 202/19-20 മോളോട്ടത്തിൽ റോഡ് | 165000/- (റോഡ് മെയിന്റനൻസ് ഫണ്ട്) ബിൽ നം. 16/16.07.19 | ശ്രീ.പ്രമോദ്. കെ.എം 53/17-18/31.3.18 | 6 മാസം 31.03.2018 | 25.02.2019 എം.ബുക്ക് (384/18-19) കരാർ കാലാവധി കഴിഞ്ഞ് 05.02.2019 നാണ് പ്രവർത്തി തുടങ്ങിയത് |

ഈ പ്രവർത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല. ടി.എസ്. സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ. (പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ. മുഖേന അപേക്ഷിക്കേ ണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ രണ്ട് പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ്.പ്രവർത്തി ആരംഭിക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്.

ഈ പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണ ത്തിന് കരാറുകാർ എ.ഇ. മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ നിയമാനുസൃതം പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചു. മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (18/19-20 12.03.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട തുക

ഇടാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ചെറ്റക്കടവ് തോടിന്റെ അതിർത്തിയിൽ സർവ്വെകല്ല് സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. 247/20

അടങ്കൽ : 34500/-രൂപ

ചെലവു തുക : 34500/-രൂപ

നിർവ്വഹണം : സെക്രട്ടറി

കിഴക്കോത്ത് വില്ലേജിൽ ഉൾപ്പെട്ട ചെറ്റക്കടവ് തോടിന്റെ അതിർത്തി പുനർനിർണ്ണയം ചെയ്ത് സർവ്വെകല്ലുകൾ സ്ഥാപിക്കുന്നതിനായി താമരശ്ശേരി താലൂക്ക് തഹസിൽദാരുടെ (ഭൂരേഖ) 28.6.2019 ലെ പി.9518/15 നം കത്തു പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 34500/-രൂപ തഹസിൽദാരുടെ 717011400000094 നമ്പർ അക്കൗണ്ടിലേക്ക് ഒടുക്കുകയുണ്ടായി. 138 സർവ്വെ കല്ലുകളുടെ വിലയായി 17940/- രൂപയും (138 X 130), കല്ലുകൾ സ്ഥാപിക്കുന്നതിനും കൊണ്ടുവരുന്നതിനുമുള്ള ചാർജ്ജായി 16560/- രൂപയും (138 X 120) ആണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക 34500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ നിർമ്മാണം നടത്തി

പ്രൊജക്റ്റ് നം. 80/20

അടങ്കൽ : 800000/-

ചെലവു തുക : 439000/-

നിർവ്വഹണം : ഹെഡ്മാസ്റ്റർ

ജി.ഒ.(പി)22/2018/ത.സ്വ.ഭ.വ./തീ.14.2.2018 നമ്പറിലുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.17 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോടു ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠന മുറി നിർമ്മിക്കാൻ 2 ലക്ഷം രൂപനൽകാവുന്നതാണ്. സ.ഉ.(സാധാ.)നം.2636/2018/ ത.സ്വ.ഭ.വ./തീ.15.10.2018 പ്രകാരം 100 ചതുരശ്ര അടി എന്നത് 120 ചതുരശ്ര അടിയായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം 2019-20 ൽ പഠനമുറി നിർമ്മിക്കുന്നതിനായി സബ്സിഡി അനുവദിച്ച 4ഗുണഭോക്താക്കളിൽ 3 പേർ 120 ചതുരശ്ര അടിയിലും അധികരിച്ചാണ് പഠനമുറി നിർമ്മിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./തീയതി | പഠന മുറിയുടെ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | പ്രണവ്.എം.സി.<br>S/O ശശി<br>ചെറുവാങ്ങേരി | 50000<br>50000 | 6/19-20/29.10.2019<br>9/19-20/22.1.2020 | 141.23ച.അടി<br>(പെർമിറ്റ് നം.<br>A3-BA(258509)<br>/2019/27.8.2019 |
| 2 | സുകൃത.എൻകെ. | 50000 | 6/19- | 158 ച.അടി |

| | | | | |
|---|---|---|---|---|
| | D/O കൃഷ്ണൻ ഞേളികുന്നമ്മൽ | 54000 | 20/29.10.2019<br>10/19-10/22.1.2020 | പെർമിറ്റ് നം. A3-BA(273625) /19/26.9.2019 |
| 3 | അനശ്വര സജീവ് D/O സജീവ് വരിക്കേങ്ങിൽ | 50000<br>65000 | 6/19-20/29.10.2019<br>9/19-20/23.1.2020 | 143.38 ച.അടി<br>പെർമിറ്റ് നം. A3-BA(241206) /19/14.8.2019 |

സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ പഠനമുറി നിർമ്മിച്ച മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/2019-20/6.3.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, കെട്ടിടനിർമ്മാണ പെർമിറ്റിൽ ചതുരശ്ര മീറ്ററിൽ രേഖപ്പെടുത്തിയ അളവ് ചതുരശ്രഅടി ആണെന്ന് തെറ്റായി പരിഗണിച്ചതിനാൽ വന്ന പിഴവ് മൂലമാണ് അപാകത സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. രേഖകൾ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. അപാകതയുടെ അടിസ്ഥാനത്തിൽ ചെലവു തുക 319000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ക്രമ നം.1, 3 എന്നീ ഗുണഭോക്താക്കൾ 2020-21ൽ പണി പൂർത്തീകരിച്ച് ബാക്കി ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ക്രമ നം.2 ൽ പരാമർശിച്ച സുകന്യ.എൻ.കെ. മൂന്നാം ഗഡു ഉൾപ്പെടെ 164000/- രൂപ കൈപ്പറ്റിയെങ്കിലും വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി അവസാന ഗഡു ഓഡിറ്റ് തീയതി വരെ കൈപ്പറ്റിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 കേരളോത്സവം - ഫൈനൽ ബില്ലിനൊപ്പം ഹാജരാക്കിയ ചെലവു രേഖകൾ പൂർണ്ണമല്ല

25.9.2019 മുതൽ 3.11.2019 വരെ ഗ്രാമപഞ്ചായത്തിൽ വെച്ച നടന്ന കേരളോത്സവം 2019 പരിപാടിയുടെ നടത്തിപ്പിനായി 35974/- രൂപ ചെലവു വന്നതായി 14.11.2019 ന് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ അറിയിക്കുകയുണ്ടായി. പ്രസ്തുത തുകയിൽ 15000/- രൂപ മുൻകൂർ കഴിച്ച് ബാക്കി 20974/- രൂപ വൗച്ചർ നമ്പർ 21900648/16.12.2019 പ്രകാരം കമ്മിറ്റി കൺവീനർ ഉമർ സാലിഹിന് അനുവദിച്ചിട്ടുണ്ട്.

യോഗത്തിൽ അംഗീകരിച്ച കണക്കുകൾ പ്രകാരം കേരളോത്സവം പരിപാടിയുടെ ഭാഗമായി വിവിധ സ്പോർട്സ് ഇനങ്ങൾക്കായി ചുവടെ ചേർത്ത പ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| | |
|---|---|
| വോളിബോൾ | 6846 |
| ഫുട്ബോൾ | 7515 |
| ക്രിക്കറ്റ് | 6685 |
| ഷട്ടിൽ | 5510 |
| ചെസ്സ് | 3418 |
| അത് ലറ്റിക്സ് | 2400 |
| അനൗൺസ്മെന്റ് | 3600 |
| ആകെ | 35974 |

എന്നാൽ ഓരോ ഇനത്തിലും മേൽപ്രകാരമുള്ള ചെലവുകൾ സാധൂകരിക്കുന്ന മുഴുവൻ വൗച്ചറുകളും ബില്ലിനൊപ്പം സമർപ്പിച്ചു കാണുന്നില്ല. സമർപ്പിച്ച വൗച്ചറുകൾ നമ്പറിട്ട് ക്രമപ്പെടുത്തിയിട്ടില്ല. പല വൗച്ചറുകളും കൺവീനർ സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല. ആയതിനാൽ മേൽ വിവരിച്ച കണക്കുകളുടെ സുതാര്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. രേഖകളുടെ അടിസ്ഥാനത്തിൽ കണക്കുകളുടെ സുതാര്യത ഉറപ്പുവരുത്താതെ കൺവീനർക്ക് തുകഅനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 35974/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ റജിസ്റ്ററുകൾ തയ്യാറാക്കുന്നില്ല

പദ്ധതി രൂപീകരണത്തിലും നടപ്പിലാക്കുന്നതിലും എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ മരാമത്ത് പ്രവർത്തിയുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടതായ റജിസ്റ്ററുകൾ മുഴുവനും എഴുതി തയ്യാറാക്കാതെയാണ് അസിസ്റ്റന്റ് എഞ്ചീനീയർ പദ്ധതി നിർവ്വഹണം നടത്തുന്നത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് റജിസ്റ്റർ, കരാറുകാരുടെ റജിസ്ട്രേഷൻ റജിസ്റ്റർ, എസ്റ്റിമേറ്റ് റജിസ്റ്റർ, സി.ടി.ഇ. റിപ്പോർട്ടിങ്ങ് റജിസ്റ്റർ, എം. ബുക്ക് റജിസ്റ്റർ, വെൽഫെയർ ഫണ്ട് റജിസ്റ്റർ എന്നിവ എഴുതി സീക്ഷിച്ചിട്ടില്ല. കൂടാതെ അസറ്റ് റജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. തൻ വർഷം നടത്തിയ പ്രവർത്തികളൊന്നും അസറ്റ് റജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പൊതുമരാമത്ത് മാന്വലിലും, ജനകീയാസൂത്രണ പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖയിലും നിർദ്ദേശിച്ചിട്ടുള്ള റജിസ്റ്ററുകൾ സൂക്ഷിയ്ക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത് . തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ്എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ/ത.സ്വ.ഭ.വ സർക്കുലർ പ്രകാരവും ഈ റജിസ്റ്ററുകളെല്ലാം മരാമത്ത് പ്രവർത്തിയിമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്നതിന് ചീഫ് എഞ്ചിനീയർ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (24 /19-20 12.03.2021 )യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ഇ- ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫോറം വില , ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്നില്ല.

കരാറുകാർ ഇ.ടെണ്ടർ മുഖേന പൊതു മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ ഓൺലൈൻ ആയി അടവാക്കിയിട്ടുള്ള ടെണ്ടർ ഫോറം വില, ഇ.എം.ഡി. എന്നിവ ഗ്രാമ പഞ്ചായത്തിന് ലഭിയ്ക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളിൽ 5 ലക്ഷത്തിന് മേൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഈ-ടെണ്ടർ ചെയ്യുന്നിതിന്റെ ഭാഗമായി, ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ സ്വീകരിക്കുന്നതിനായി സ.ഉ.(എം.എസ്)318/013 ത.സ്വ.ഭ.വ തീയതി 28.09.2013 ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയിട്ടുള്ള ബേങ്ക് അക്കൗണ്ടിൽ ആണ് വർഷങ്ങളായി തുക നിക്ഷേപിക്കുന്നത് . പഞ്ചായത്തിൽ തൻ വർഷം താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തപ്പോൾ ടെണ്ടർ ഫോറം വില,ഇ.എം.ഡി എന്നീയിനത്തിൽ മേൽ അക്കൗണ്ടിലേയ്ക്ക് വരവ് വന്നിട്ടുണ്ട്.

| പദ്ധതി | അടങ്കൽ തുക |
|---|---|
| 107/19-20<br>പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപണി | 1000000 |
| 106/19-20<br>ബസ്റ്റാന്റ് ഗേറ്റ്ബസ് ബേനിർമ്മാണം | 1000000 |
| 105/19-20 | 500000 |

| | |
|---|---|
| പ്രാഥമികാരോഗ്യ കേന്ദ്ര ടോയ്ലറ്റ് നിർമ്മാണം | |
| 98/19-20<br>പ്രാഥമികാരോഗ്യ കേന്ദ്രം നവീകരണം | 853541 |
| 39/19-20<br>മംഗലാട്ട് കുന്ന് കുരുമ്പിലാക്കണ്ടി റോഡ് | 500000 |
| 94/19-20<br>കുയ്യിൽ പീടിക തറോൽ റോഡ് | 772000 |
| 38/19-20<br>പന്നൂർ ഒഴലക്കുന്ന് റോഡ് | 500000 |

മുൻ കാലങ്ങളിലും ഇതുവരെയും ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബേങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (19/19-20 12.03.2021 ) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായി തയ്യാറാക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പൂർണമായി പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന രീതിയിൽ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത്. നടത്തിയ പ്രവർത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽനിന്ന് ലഭിക്കുന്നില്ല. ഇത്തരത്തിൽ വ്യക്തമല്ലാത്ത എസ്റ്റിമേറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല. ഉദാഹരണം ചരിച്ചിപ്പറമ്പ് ചോനമണ്ണിൽ റോഡ്, വേറക്കുന്ന് റീച്ച് 2 അങ്കണവാടികളുടെ റിപ്പയറിനുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പദ്ധതിയുടെ പേരും നിരക്കും മാത്രമാണ് എഴുതിയിട്ടുള്ളത്.

എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പ്രവർത്തികളുടെ കാര്യത്തിൽ മാന്വലിലെ പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെകാര്യത്തിലും, കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ, ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകി ഓഡിറ്റ് എൻക്വയറി ( 23/19-20 12.03.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവർത്തിയ്ക്ക് അധികതുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് - 459465/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ - 25/04.10.2019

കരാറുകാരൻ - അബ്ദുൾ റാഷിദ്

കരാർ - 61/2018-19/16.01.2019

എ.എം.എൽ.പി. സ്കൂൾ എളേറ്റിൽ നോർത്ത് ശുചിത്വ കക്കൂസ് നിർമ്മാണം എന്ന പദ്ധതിയിൽ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഒരിനം പ്രവർത്തി ചെയ്തതിലൂടെ 6555/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. 459987/- രൂപ സാങ്കേതിക അനുമതി ലഭിച്ച പ്രവർത്തിയുടെ എസ്റ്റിമേറ്റ് 26.06.2019 ലെ 1-1/4 നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. ഇതിൽ 25 ഇനം പ്രവർത്തിയോടൊപ്പം എക്സ്ട്രാ ഇനമായി 2 ഇനം പ്രവർത്തികൾക്കേ അംഗീകാരം ലഭിച്ചിട്ടുള്ളൂ. എന്നാൽ എം. ബുക്ക് പരിശോധിച്ചപ്പോൾ മൂന്നാമത്തെ എക്സ്ട്രാ ഇനമായി 12 എം.എം. സിമന്റ് കോൺക്രീറ്റ് എന്ന പ്രവർത്തി ചെയ്ത് കരാറുകാരന് 6555/- രൂപ അനുവദിച്ചിട്ടുണ്ട്. (34.87 എം2 @ 188/എം2 = 6555.5 എം ബുക്ക് 404/18-19,414/18-19).

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/19-20 12.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ജി.എസ്.ടി ഇനത്തിൽ കരാറുകാർക്ക് അധിക തുക അനുവദിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത് ജി.എസ്.ടി പ്രവർത്തി ഡാറ്റായിൽ ഉൾപ്പെടുത്താതെയാണ്. പ്രവർത്തികൾക്ക് ബാധകമായ ജി.എസ്.ടി 12% എസ്റ്റിമേറ്റിൽ പ്രത്യേകമായി കാണിച്ചിട്ടുണ്ട്. ഇത് ബിൽ നൽകുന്ന വേളയിൽ കരാറുകാർക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. 250000/- രൂപയിലധികം ചെവല് വരുന്ന പ്രവർത്തി ബില്ലുകളിൽ നിന്ന് 2% ജി.എസ്.ടി. തുക ടി.ഡി.എസ് ആയി പിടിച്ചതിനുശേഷമാണ് കരാറുകാർക്ക് ബിൽ തുകയും, ജി.എസ്.ടിയും അനുവദിക്കുന്നത്. 01.03.2019 ലെ 18/2019 /ഫിൻ ഉത്തരവിലെ നിർദ്ദേശ പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ ബിൽതുക അനുവദിച്ചപ്പോൾ ചില പ്രവർത്തികളുടെ കരാറുകാർക്ക് അധിക തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവർത്തി | കരാറുകാരന് അനുവദിച്ചതുക | അർഹതയുള്ള തുക | അധികം |
|---|---|---|---|---|
| 1 | 39/20 മംഗലോട്ട്കുന്ന് കുരുവിമ്പിലാക്കണ്ടി റോഡ് കരാറുകാരൻ- ശ്രീ. അബ്ദുൾസലീം.കെ.പി. എം- ബുക്ക്-558/9-20 | 392294/- ബിൽ നമ്പർ 54/13.3.20 മെയിന്റനൽസ്ഗ്രാന്റ് റോഡ് | ആകെ പ്രവർത്തി മൂല്യം 363238-14528 (4% നികുതി-3632x4 (1%IT,1%Kwf,2%GST TDS) =348710+12% GST- 41845 =390555 | 392294-390555 =1739 |
| 2 | 36/20 | 289284/- | ആകെ പ്രവർത്തി | 289284- |

| | | | | |
|---|---|---|---|---|
| | എം.ജെ.എച്ച്.എസ്. കുന്നമ്മൽതാഴം റോഡ് കരാറുകാരൻ- ശ്രീ. ബഷീർ. കെ. എം-ബുക്ക് 546/19-20 | ബിൽ നമ്പര് 50/19-20 /13.03.20 ധനകാര്യ കമ്മീഷൻഗ്രാന്റ് | മൂല്യം 267857-10716 (4% നികുതി-2679x4 1%IT,1%Kwf,2%GST TDS)=257141+ 12% GST-30857 =287998 | 287998 =1286 |
| 3 | 08/20 ചളിക്കോട് കാളിക്കുന്ന് റോഡ് . കരാറുകാരൻ- ശ്രീ. റിജു.എം.വി എം. ബുക്ക്-579/9-20 | 433928/- ചെക്ക് നമ്പർ 1450322/ 15.02.20 തനത് ഫണ്ട്-75475 വികസന ഫണ്ട് 374525(ക്യൂ ബിൽ) | ആകെ പ്രവർത്തി മൂല്യം 401786-16072 (4% നികുതി-4018x4 1%IT,1%Kwf,2%GST TDS) =385714+ 12% GST-46286 =432000 | 433928-432000 =1928 |
| 4 | 106/20 ബസ്സ്റ്റാന്റ് ഗേറ്റ് ബസ് ബേ നിർമ്മാണം . കരാറുകാരൻ- ശ്രീ. റിജു.എം.വി എം. ബുക്ക്-567/9-20 | 964284/- ചെക്ക് നമ്പർ 1450339/23.03.20 തനത് ഫണ്ട്-679561 ധനകാര്യ കമ്മീഷന് ഫണ്ട് 320439(ക്യൂ ബിൽ) | ആകെ പ്രവർത്തി മൂല്യം 892857-35716 (4% നികുതി-8929x4 1%IT,1%Kwf,2%GST TDS) =857141+ 12% GST-102857 =959998 | 964284-959998 =4286 |
| 5 | 56/20 ആലപ്പുറായിൽ തോട്ടുമൂല റോഡ് . കരാറുകാരൻ- ശ്രീ. റിജു.എം.വി എം. ബുക്ക്-578/19-20 | 281386/- ബിൽ നമ്പർ 55/13.03.20 മെയിന്റനൻസ് ഗ്രാന്റ് റോഡ് | ആകെ പ്രവർത്തി മൂല്യം 260545-10424 (4% നികുതി-2606x4 1%IT,1%Kwf,2%GST TDS) =250121+ 12% GST-30015 =280136 | 281386-280136 =1250 |
| 6 | 57/20 കരാറുകാരൻ-കയ്യിൽ തൊടിക അങ്കണവാടി തവന്നൂർ റോഡ് ശ്രീ. രവീന്ദ്രൻ.വി | 341356/- ബിൽ നമ്പർ 46/28.02.20 മെയിന്റനൻസ് ഗ്രാന്റ് റോഡ്-50000 | ആകെ പ്രവർത്തി മൂല്യം 316071-12644 (4% നികുതി-3161x4 1%IT,1%Kwf,2% GST TDS) | 341356-339838 =1517 |

| | | | | |
|---|---|---|---|---|
| | എം. ബുക്ക്-545/19-20 | ധനകാര്യ കമ്മീഷൻ ഫണ്ട്<br>304000(ക്യൂ ബിൽ) | =303427+<br>12% GST-36411<br>=339838 | |
| 7 | 117/20<br>നെല്ലിക്കുന്ന്കോളനി റോഡ് കരാറുകാരൻ-ശ്രീ. റിതു.എം.വി<br>എം. ബുക്ക്-583/19-20 | 475392/-<br>ബിൽ നമ്പർ44/13.03.2020<br>വികസന ഫണ്ട്<br>എസ്.സി.പി | ആകെ പ്രവർത്തി മൂല്യം<br>440129-17608 (4% നികുതി-4402x4 1%IT,1%Kwf,2% GST TDS)<br>=422521+<br>12% GST-50703<br>=473224 | 475392-473224<br>=2168 |
| | | | ആകെ | 14174 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (21/19-20 12.03.2021)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാർക്ക് അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

14174/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 ദുരിതാശ്വാസനിധി ദുരിതനിവാരണത്തിനായി പ്രയോജനപ്പെടുത്തുന്നില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അത്യാഹിതം, അഗ്നി ബാധ, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനാണ് ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുള്ളത്. കാനറ ബാങ്കിന്റെ കൊടുവള്ളി ശാഖയിലുള്ള 44142010005929നം. അക്കൗണ്ടിലാണ് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി സൂക്ഷിച്ചിട്ടുള്ളത്. സംഭാവനയായി ലഭിച്ച 100000/- രൂപ നിക്ഷേപിച്ചാണ് 12.06.2018 ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുള്ളത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.02.2021 വരെ പലിശയിനത്തിൽ വരവു വന്ന 8947.50/- രൂപ ഉൾപ്പെടെ 108947.50/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ ഓഡിററിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി.

1. ചട്ടം 4(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാവുന്നതാണ്. എന്നാൽ നാളിതുവരെ നിധിയിൽ നിന്നും യാതൊരു തുകയും ധനസഹായമായി അനുവദിച്ചിട്ടില്ല.
2. ചട്ടം 4(3) പ്രകാരം ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി കൺവീനറുമായി ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കമ്മിറ്റി രൂപീകരിച്ചതു സംബന്ധിച്ച വിവരം ലഭ്യമല്ല. സബ്കമ്മിറ്റിയുടെ യോഗനടപടികൾ രേഖപ്പെടുത്തുന്ന മിനുട്സ് ബുക്കും ലഭ്യമാക്കിയിട്ടില്ല.

3. ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്ന ചട്ടം 5 (2) പ്രകാരമുള്ള രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ധനസഹായത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4. നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ സൂക്ഷിക്കേണ്ടതാണ്.എന്നാൽ 108947.50 രൂപയുടെ വരവിന്റെ വിശദാംശം രേഖപ്പെടുത്തിയ ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

ദുരിതാശ്വസനിധി രൂപീകരിച്ച സാഹചര്യത്തിൽ നിധിയുമായി ബന്ധപ്പെട്ട് ചട്ടം 5ൽ പരാമർശിക്കുന്ന രസീത് ബുക്ക്, ക്യാഷ്ബുക്ക്, മിനുട്സ് ബുക്ക് , അപേക്ഷാ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ അർഹതപ്പെട്ട വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിന് രൂപീകരിച്ച ദുരിതാശ്വാസ നിധി വിനിയോഗിക്കപ്പെടാതെ രണ്ടു വർഷത്തിലേറെയായി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉത്തരവാദപ്പെട്ടവരുടെ വീഴ്ചയാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19-20/12.3.2021) മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിനായി നിധിയിലെ തുക പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യകുറവ് - പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-01-2018 ലെ ജി.ഒ. (കൈ) 11/2018/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7.8.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

എെ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 29 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 1 |
| കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 5 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 4 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 7 |

അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ആയത് പരിഹരിക്കാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

2019-20 ൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്

## 1-29 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കൃത്യത പരിശോധിക്കപ്പെടുന്നില്ല

2019-20 വർഷം തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ വിവിധ ബില്ലുകളിലായി

469964/-രൂപ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നതല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം, തരം, നിലവിൽ പ്രവർത്തനക്ഷമമായവ, എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ തെരുവുവിളക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നുണ്ടെങ്കിലും ആയതു കൂടി ഉൾപ്പെടുത്തി പ്രവർത്തന ക്ഷമമായ മൊത്തം വിളക്കുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത വിളക്കുകളുടെ എണ്ണം, തരം എന്നിവ അടിസ്ഥാനപ്പെടുത്തി ശരിയാണോയെന്ന് പരിശോധിക്കപ്പെടുന്നില്ല. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുകയാണ് ചെയ്തുപോരുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.26/19-20/12.3.2021 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ കണക്കാക്കി തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയതിനെ അടിസ്ഥാനമാക്കിയാണ് കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-30 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പാലാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അഗതിരഹത കേരളം പദ്ധതിയിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്നതാണ് ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ വീട് ആവശ്യ മുള്ള ഗുണഭോക്താക്കൾക്ക് മുഴുവനം ഭവന നിർമ്മിച്ച് നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

സ.ഉ(എം.എസ്)22/2018/തസ്വഭവ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ.(എം.എസ്)252/ 2017/ തസ്വഭവ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീ കരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ 14.09.2018 ലെ സ.ഉ(എം.എസ്)/128/2018/തസ്വഭവ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ അഗതി കേരളം പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഭവനം ആവശ്യമുള്ളതും, നിലവിലും ഭവനനിർമ്മാണ പദ്ധതികളിൽ പരിഗണിക്കപ്പെടാത്തവരുമായ 8 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വാർഡ് നം. |
|---|---|---|
| 1 | ഇമ്പിച്ചി ആയിഷ കയ്യലശ്ശേരി | 12 |

| | | |
|---|---|---|
| 2 | ആയിഷ മാത്തും കഴിയിൽ | 13 |
| 3 | മുഹമ്മദ് ഹാജി എടക്കണ്ടി പ്പാറയിൽ | 4 |
| 4 | ആയിഷ മൊരട്ടമ്മൽ | 4 |
| 5 | സൈനബ കൈതക്കൽ | 17 |
| 6 | കീരൻ കൊറ്റി | 18 |
| 7 | ആമിന കോളോച്ചാലിൽ | 18 |
| 8 | പരിയേച്ചി പുല്ലടി പറമ്പത്ത് | 11 |

ആശ്രയ ഗുണഭോക്താക്കളെ പദ്ധതി നടത്തിപ്പിൽ പരിഗണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (17 /19-20 12.03.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 പാലിയേറ്റിവ് പരിചരണ പദ്ധതി - മരുന്നുകൾ പൂർണമായും ലഭിച്ചില്ല

പഞ്ചായത്തിലെ കിടപ്പ് രോഗികൾക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികളുടെ ഭാഗമായി KMSCL- കാരുണ്യ മെഡിസിൻ ഡിപോക്ക്, മുൻകൂർ പണം നൽകിയിട്ടുണ്ട്.

പ്രൊജക്റ്റ് നം 92/19 പാലിയേറ്റീവ് പരിചരണ പദ്ധതി-

അടങ്കൽ തുക 800000/-

ചെലവ് - 668903/-

| ബിൽ നം | തുക | തിയതി |
|---|---|---|
| 4 /19-20 | 250000 | 23-10-2019 |

നാളിതു വരെയായി 232602/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ. 17398/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്.

2)പ്രൊജക്റ്റ് നം 100/19 മാരക അസുഖത്തിന് സൗജന്യ മരുന്ന്

അടങ്കൽ തുക 300000/-

ചെലവ് - 300000 /-

| ബിൽ നം | തുക | തിയതി |
|---|---|---|
| 1/19-20 | 300000 | 28-09-2019 |

നാളിതു വരെയായി 296987/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ . 3013/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്.

ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കുന്നത് വരെ ചെലവു തുക 20411/- (17398+3013) തടസ്സത്തിൽ വെക്കുന്നു.

## 1-32 സംയുക്ത പ്രോജക്ടിന് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

സംയുക്ത പ്രൊജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാതെ ചെലവഴിക്കാതെ, സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച്

കൊണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി. എസ്. ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.
2. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.
3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നൽകേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.
4. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ 2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1000000/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. ഇത് 07.03.2018 ന് 113/17-18 നമ്പറിലുള്ള പദ്ധതിപ്രകാരം റിസൈക്ലിങ്ങ് ബിൽഡിങ്ങ് നിർമ്മാണത്തിനായി ലഭിച്ച വിഹിതമാണ്. ആയത് സ്ഥാപനത്തിന് ലഭ്യമായത് 07.3.2018 ലാണ്. തുക തൻവർഷാവസാനം ലഭിച്ചിട്ടും ഈ പദ്ധതി 2018-19, 2019-20 വർഷങ്ങളിൽ പദ്ധതിക്കായി ചെലവഴിച്ചിട്ടില്ല. മാത്രമല്ല ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 17 പ്രകാര സയുക്ത പ്രൊജക്ടിനുള്ള ഫണ്ട് സൂക്ഷിക്കുന്ന അക്കൌണ്ടിൽ ഈ ബാലൻസ് തുക മുഴുവനായും ഇല്ല. 30.03.2020 ലെ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 9,97,340/- രൂപ മാത്രമാണ് .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (22/ 2019-20 12.03.2021 ) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 കൃഷി ഭവൻ ഓഫീസ് കണ്ടിജൻസി ചെലവ് പദ്ധതി നടത്തിപ്പിലെ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്ട് - 134/9-20

ചെലവ് - 25000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ - 34/30.03.20

കൃഷി ഭവനിലെ 2019-20 വർഷത്തെ നിത്യ പ്രവർത്തന ചെലവുകൾ വഹിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിനായി 25000/- രൂപ കൃഷി ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് മാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 2019-20

വർഷത്തെ 6525/- രൂപയുടെ വൈദ്യുതി ബിൽ അടയ്ക്കുന്നതിന് മാത്രമാണ് ഈ പദ്ധതിയിൽ നിന്ന് തുക ചെലവഴിച്ചിട്ടുള്ളൂ. ബാക്കി ചെലവെല്ലാം 208-19 വർഷത്തെ വൈദ്യുതി, ടെലഫോൺ, മറ്റ്കണ്ടിജന്റ് ചെലവുകളുടെ ബില്ലുകൾ എന്നിവയാണ്. പദ്ധതി ഉദ്ദേശത്തിന് വിരുദ്ധമായി പഴയ ബില്ലുകളിൽ ചെലവ് നടത്തി പദ്ധതി നടപ്പിലാക്കാനിടയായ സാഹചര്യ വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (15/19-20 12.03.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണംലഭ്യമാക്കുന്നതു വരെ 18475/- (25000-6525) രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-34 കിണർ റീ ചാർജിങ്ങ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ചെലവ് - 40000/-

ബിൽ നമ്പർ - 27500-21/30.03.2020 -(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

- 12500-66023/27.03.20-(ജില്ലാ പഞ്ചായത്ത് )

കിണർ റീചാർജിങ്ങ് പദ്ധതി നടപ്പിലാക്കിയത് കിണർ റീചാർജിങ്ങ് സംവിധാനം സ്ഥാപിക്കുന്നവർക്ക് വാല്യേഷൻ അനുസരിച്ച് ചെലവിന്റെ 90 ശതമാനം പരമാവധി 8000/- രൂപ ധന സഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ്. ഇതിനായി 5 ഗുണഭോക്താക്കൾക്ക് ഉയർന്ന പരിധി സബ്സിഡി തുകയായ 8000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ.ഉ(എം.എസ്)22/2018/ തസ്വഭവ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖയിലെയും 08.11.2018 ലെ സ.ഉ(സാധാ)2867/2018/തസ്വഭവ ഉത്തരവ് പ്രകാരമുള്ള അനുബന്ധ ഉത്തരവിലെയും നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കിണർ റീചാർജിങ്ങ് പദ്ധതി അംഗീകൃത ഏജൻസികളെക്കൊണ്ട് നടപ്പിലാക്കേണ്ടതും ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ ഏജൻസിയ്ക്ക് ബിൽ തുക നേരിട്ട് നൽകേണ്ടതുമാണ്. എന്നാൽ ഇവിടെ 5 ഗുണഭോക്താക്കൾക്കും അവർ ഹാജരാക്കിയിട്ടുള്ള പൈപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്തത്. വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവ് | വാർഡ് | ബിൽ തുക | അനുവദിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കുഞ്ഞാലി | 6 | 12033 | 8000 | എസ്റ്റിമേറ്റ് , വാല്യേഷൻ എന്നിവയുടെ അടിസ്ഥാനത്തിലല്ല തുക അനുവദിച്ചിട്ടുള്ളത് |
| 2 | നജീബ് എ.ടി | 14 | 11810 | 8000 | |
| 3 | അബ്ദുൾ നാസർ | 9 | 10414 | 8000 | |
| 4 | ജനാർദ്ദനൻ നായർ | 9 | 10727 | 8000 | |
| 5 | നൌഫൽ.ടി.എ | 6 | 20019 | 8000 | |

2) കിണർ റീചാർജിങ്ങ് പദ്ധതി എം.ജി. എൻ .ആർ.ഇ.ജി.എസ് പദ്ധതിയുമായി ബന്ധിപ്പിച്ച് നടപ്പാക്കണമെന്ന നിബന്ധനപാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (16/19-20 12.03.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 40000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-35 ശുചിത്വ-മാലിന്യ സംസ്കരണം,-പദ്ധതികൾ നടപ്പാക്കിയില്ല

സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുകയെന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്നും പ്രവർത്തിക്കേണ്ടതുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസനമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണ് ഉള്ളത്. ഇതിൽ പ്രധാനമാണ് ശുചിത്വ- മാലിന്യ സംസ്കരണം. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ)മുതൽ219 (യു) വരെ നിയമങ്ങൾ ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് വ്യക്തമാക്കുന്നു.

സ.(ഉ).11/2018/തസ്വഭവ തീ. 29.01.2018 ഖ. 7.1.6(സി).1 പ്രകാരം, ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. എല്ലാ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതുവിഭാഗം വികസനഫണ്ടിലെ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരള മിഷൻ പ്രൊജക്ടുകൾക്ക് വകയിരുത്തണം (ഇതേ ഉത്തരവിലെ ഖ. 5.4(4)). ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്, നം. | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | സ്കൂളുകളിൽ റിംങ് കമ്പോസ്റ്റ് യൂനിറ്റ് | വി.ഇ.ഒ | 20000 | 0 |
| 2 | അങ്കണവാടികളിൽ റിംങ് കമ്പോസ്റ്റ് യൂനിറ്റ് | ,, | 72500 | 0 |
| 3 | ഹരിത സഹായ സ്ഥാപനങ്ങൾക്ക് കൺസൽട്ടൻസി ഫീസ് | ,, | 340000 | 0 |
| 4 | വീടുകളിൽ റിംങ് കമ്പോസ്റ്റ് വിതരണം | ,, | 175000 | 0 |
| 5 | റീസൈക്ലിങ് -കെട്ടിട നിർമാണം | അസിസ്റ്റന്റ് എൻജിനീയർ | 1850000 | 0 |
| | | ആകെ | 2457500 | 0 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് വി ഇ ഒ നൽകിയ മറുപടിയിൽ ക്രമ നം 1,2,4 പദ്ധതികൾ 2020-21 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ റീസൈക്ലിങ് കെട്ടിടനിർമാണം ഇതുവരെയും ആരംഭിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാക്കൽ - പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിലെ 12 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 2018-19 ൽ പ്രൊജക്ട് നം.22/19 പ്രകാരം 295000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഓഡിറ്റ് തീയതി വരെയും വാട്ടർ അതോറിറ്റി പ്രവൃത്തി ആരംഭിച്ചിട്ടില്ല. 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-18) ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിന് തുടർ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് ജി.ഒ.(എം.എസ്.)11/2018/ത.സ്വ.ഭ.വ./തീയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക 7.8.2 ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രവൃത്തി നടത്തുന്നതിനായി തുക ഡിപ്പോസിറ്റ് ചെയ്ത് രണ്ടു വർഷത്തിലേറെ കാലം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി വാട്ടർ അതോറിറ്റി കൈക്കൊണ്ടിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിററി എന്നിവ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രവൃത്തി ഉടനടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം -2

## 2-1 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ. യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത് .ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും(സഞ്ചയ | തറ വിസ്തീർണം (സഞ്ച | ബാധകമാക്കിയ | ബാധകമാക്കിയ നികുതി(ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട | ബാധകമാക്കേണ്ട നികുതി(ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്സ്) | നഷ്ടം |
|---|---|---|---|---|---|---|

| പ്രകാരം) | യ പ്രകാ രം) | നികു തി നിരക്ക് | | നികു തി നിര ക്ക് | | |
|---|---|---|---|---|---|---|
| 1/98 A<br>കെ.പി മുഹമ്മദ് കോയ, കരിമ്പാപൊയിൽ, എളേറ്റിൽ,673572<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 103.4 | 30 | (വഴി സൗകര്യം 20%വർദ്ധനവ്,)<br>3723+187=3910 | 50 | വഴി സൗകര്യം 20%വർദ്ധനവ്,<br>6204+310=6514 | 2014-15=2604<br>2015-16=2604<br>2016-17=2604<br>2017-18=2604<br>2018-19=2604<br>2019-20=2604<br>Total= 15624 |
| 1/687 A<br>ശൈഖ് അക്ബർ . കെ.കെ,ഹിലാൽവിയൂ, വളപ്പിൽ,മാവൂർ,673661<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2018 രണ്ടാം അർദ്ധവർഷം മുതൽ) | 105.83 | 30 | (വഴി സൗകര്യം 20%വർദ്ധനവ്,<br>മേൽക്കൂര ഇളവ് 10% മേഖല ഇളവ് 10%)<br>3175+159=3334 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>മേൽക്കൂര ഇളവ് 10% മേഖല ഇളവ് 10%)<br>5292+265=5557 | 2018-19= 1112<br>2019-20=2223<br>Total= 3335 |
| 2/87 A<br>എ.കെ അബ്ദുൽ മജീദ് പ്രസിഡണ്ട് മഊനത്തുൽ ഹുദാ സുന്നിയ മദ്രസ, എളേറ്റിൽ, എളേറ്റിൽ,673572,,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2014 ഒന്നാം അർദ്ധവർഷം മുതൽ) | 132.48 | 30 | (വഴി സൗകര്യം 20%വർദ്ധനവ്,<br>മേഖല ഇളവ് 10%)<br>4372+219=4591 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>,മേഖല ഇളവ് 10%)<br>7286+364=7650 | 2014-15=3059<br>2015-16=3059<br>2016-17=3059<br>2017-18=3059<br>2018-19=3059<br>2019-20=3059<br>Total= 18354 |
| 16/524A<br>മരക്കാർഹാജി 2. കഞ്ഞീമ ഉമ്മ, ആനപ്പാറക്കൽ, എളേറ്റിൽ, 673572<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | 140 | 30 | (വഴി സൗകര്യം 20% വർദ്ധനവ്,<br>5040+252=5292 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>8400+420=8820 | 2013-14=3528<br>2014-15=3528<br>2015-16=3528<br>2016-17=3528<br>2017-18=3528<br>2018-19=3528<br>2019-20=3528<br>Total= 24696 |
| 16/524B<br>മരക്കാർഹാജി കഞ്ഞീമഉമ്മ, ആനപ്പാറക്കൽ,, എളേറ്റിൽ,673572<br>(നികുതി പ്രാബല്യത്തിൽ | 140 | 30 | (വഴി സൗകര്യം 20%വർദ്ധനവ്,<br>ഒന്നാം നില ഇളവ് 5%)<br>4788+240=5028 | 50 | (വഴി സൗകര്യം 20%വർദ്ധനവ്,<br>ഒന്നാം നില ഇളവ് 5%)<br>7980+399=8379 | 2013-14=3351<br>2014-15=3351<br>2015-16=3351<br>2016-17=3351<br>2017-18=3351<br>2018-19=3351 |

| | | | | | | |
|---|---|---|---|---|---|---|
| വരുന്ന തിയതി-2013 ഒന്നാം അർദ്ധവർഷം മുതൽ) | | | | | | 2019-20=3351<br>Total- 23457 |
| | | | | | ആകെ | 85466 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 14064/- രൂപ (2481 + 2117 + 2914 + 3360 + 3192 = 14064, ഗ്രന്ഥശാലാവരി 703 രൂപ).

## 2-2 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 20/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്നും, കെട്ടിടം ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുമ്പോൾ പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതി ദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിന് നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കി. നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്സ്) | ബാധക മാക്കേണ്ട നികുതി നിരക്ക് | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 15/5A<br>അബ്ദുൽഗഫൂർ, ഒറ്റക്കാം തൊടുകയിൽ, വാവാട്, | 48.56 | 4 | (വഴി സൗകര്യം 20%വർദ്ധനവ്,)<br>234+12=246 | 20 | വഴി സൗകര്യം 20%വർദ്ധനവ്,<br>1165+58=1223 | 931+46=977 |
| 15/5B | 45.3 | 4 | 218+11=229 | 20 | 1087+54=1141 | 869+43=912 |
| 15/5C | 42.54 | 4 | 205+11=216 | 20 | 1021+51=1072 | 816+40=856 |
| 15/5D | 36 | 4 | 173+9=182 | 20 | 864+43=907 | 691+34=725 |
| 15/5E | 57 | 4 | 274+14=288 | 20 | 1368+68=1436 | 1094+54=1148 |
| 15/5F | 55 | 4 | 264+14=278 | 20 | 1320+66=1386 | 1056+52=1108 |
| 15/5G | 46.4 | 4 | 223+12=235 | 20 | 1114+56=1170 | 891+44=935 |
| 15/5H | 46.4 | 4 | 223+12=235 | 20 | 1114+56=1170 | 891+44=935 |
| | | | | | ആകെ | 7239+357=7596 |
| 06/346 E<br>പ്രസിഡന്റ്, ജുമാമസ്ജിദ് ഉരുളിക്കുന്നുമൽ, ആവിലോറ, ആവിലോറ, 673572 | 53.76 | 4 | (വഴി സൗകര്യം 20%വർദ്ധനവ്,)<br>ഒന്നാം നില ഇളവ് 5%)<br>237+12=249 | 20 | (വഴി സൗകര്യം 20%വർദ്ധനവ്,)<br>ഒന്നാം നില ഇളവ് 5%)<br>1226+61=1287 | 989+49=1038 |
| 06/346 F | 53.76 | 4 | 237+12=249 | 20 | 1226+61=1287 | 989+49=1038 |

| | | | | | | ആകെ | 1978+98=9672 |
|---|---|---|---|---|---|---|---|

മേൽ പത്രിക പ്രകാരം വസ്തുനികുതി നിർണ്ണയത്തിൽ കുറവു വന്ന 9672/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡാറ്റാ പ്യൂരിഫിക്കേൻ നടത്തി ഇപ്രകാരം നികുതി തെറ്റായി നിർണ്ണയിച്ച മറ്റു കെട്ടിടങ്ങളുടെ വിവരം ശേഖരിക്കേണ്ടതും, ഇവയുടെ നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

### 3-1 എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവർത്തിയ്ക്ക് അധികതുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് - 459465/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ - 25/04.10.2019

കരാറുകാരൻ - അബ്ദുൾ റാഷിദ്

കരാർ - 61/2018-19/16.01.2019

എ.എം.എൽ.പി. സ്കൂൾ എളേറ്റിൽ നോർത്ത് ശുചിത്വ കക്കൂസ് നിർമ്മാണം എന്ന പദ്ധതിയിൽ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഒരിനം പ്രവർത്തി ചെയ്തതിലൂടെ 6555/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. 459987/- രൂപ സാങ്കേതിക അനുമതി ലഭിച്ച പ്രവർത്തിയുടെ എസ്റ്റിമേറ്റ് 26.06.2019 ലെ 1-1/4 നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. ഇതിൽ 25 ഇനം പ്രവർത്തിയോടൊപ്പം എക്സ്ട്രാ ഇനമായി 2 ഇനം പ്രവർത്തികൾക്കേ അംഗീകാരം ലഭിച്ചിട്ടുള്ളൂ. എന്നാൽ എം. ബുക്ക് പരിശോധിച്ചപ്പോൾ മൂന്നാമത്തെ എക്സ്ട്രാ ഇനമായി 12 എം.എം. സിമന്റ് കോൺക്രീറ്റ് എന്ന പ്രവർത്തി ചെയ്ത് കരാറുകാരന് 6555/- രൂപ അനുവദിച്ചിട്ടുണ്ട്. (34.87 എം2 @ 188/എം2 = 6555.5 എം. ബുക്ക് 404/18-19, 414/18-19).

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 20/19-20 12.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 05-03-2021 | - |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 133173 | ലൈഫ് ഭവന പദ്ധതി | 133173 | |
| | | 375000 | ശാരീരിക മാനസിക | 375000 | - |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | | 50000 | മിൽക്ക് സബ്സിഡി | 50000 | |
| | | 35000 | നെല്ലിന് കൂലി | 35000 | |
| | | 1000000 | റീ സൈക്ലിങ് കെട്ടിട നിർമാണം | 0 | 1000000 |
| | | 150000 | അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി | 150000 | - |
| | | | | | |
| ജില്ലാ പഞ്ചായത്ത് | | 50000 | മിൽക് സബ്സിഡി | 50000 | |
| | | 375000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 375000 | - |
| | | 12500 | കിണർ റീചാർജ് | 12500 | - |
| | | 38008 | ലൈഫ് ഭവന പദ്ധതി | 38008 | |
| | | 42000 | നെല്ലിനു കൂലി | 42000 | |
| | | 22000 | മുട്ട ഗ്രാമം | 22000 | |
| | | 30000 | ക്ഷീര ഗ്രാമം | 30000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടി വെള്ളം ലഭ്യമാക്കൽ | | 808000 | 592055 | 215945 |
| | അങ്കണവാടികൾക്ക് കുടി വെള്ളം ലഭ്യമാക്കൽ | 21801016 | 295000 | | 295000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 2010-11 | - | 661621 | 661621 | | - |
| ലൈഫ് ഭവന പദ്ധതി | 2019-20 | - | 3220000 | 294118 | | 2925882 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലെ നിക്ഷേപം | 1371344 |
| തൻവർഷം നിക്ഷേപിച്ച തുക | 123422 |
| ആകെ | 1494766 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1494766 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തിയതി |
|---|---|---|---|---|
| 2017-18 | 2(5) | 676 | രാമചന്ദ്രൻ പി, സെക്രട്ടറി(റിട്ട) | 119100100788/ 12-06-2019 |
| | | | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 27, 29 | 2003-04 (പൊതു പരാമർശം) | 11.13.7.9 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു. |
| 2002-03 | 23 | 2004-05 (പൊതു പരാമർശം) | 11.1.1.3 | ക്യാഷ്ബുക്ക് എഴുതിയില്ല | “ |
| 2002-03 | | 2004-05 | 11.1.3.22 | നികുതി പിരിവിൽ അലംഭാവം | “ |

| | | | | | |
|---|---|---|---|---|---|
| | | (പൊതു പരാമർശം | | | |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി-അപാകതകൾ | “ |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | -ടി- | “ |
| 2015-16 | 3-11 | 2016-17 | 4.2.1 | പുറമ്പോക്കുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതൾ | “ |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70676848 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58498425 |
| വരവിനങ്ങളിലുള്ള നഷ്ടം | 23281 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6555 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 497440 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 14064 | | മുജീബ്. പി. സി.<br>സെക്രട്ടറി ഇൻചാർജ് |
| 2-2 | 9217 | | മുജീബ്. പി. സി.<br>സെക്രട്ടറി ഇൻചാർജ് |
| 3-1 | | 6555 | ജീന. കെ.<br>അസിസ്റ്റന്റ് എന്ജിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 14898 | അബ്ദുൽ ഷുക്കൂർ എം.<br>ഹെഡ് മാസ്റ്റർ |
| 1-19 | 34500 | സുമേഷ്.കെ.<br>സെക്രട്ടറി |
| 1-20 | 319000 | അബ്ദുൽ ഷുക്കൂർ എം.<br>ഹെഡ് മാസ്റ്റർ |
| 1-21 | 35974 | സുമേഷ്.കെ.<br>സെക്രട്ടറി |

| | | |
|---|---|---|
| 1-26 | 14174 | ജീന. കെ.<br>അസിസ്റ്റന്റ് എൻജിനീയർ |
| 1-31 | 20411 | ഡോ. ഹൈഫ മൊയ്തൻ.<br>മെഡിക്കൽ ഓഫീസർ |
| 1-33 | 18475 | ശുഭ.സി. വി.<br>കൃഷി ഓഫീസർ |
| 1-34 | 40000 | ശുഭ സി.വി.<br>കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 2-1 | ഗ്രന്ഥശാലാവരി | 703/- |
| 2-2 | ഗ്രന്ഥശാലാവരി | 455/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അബ്ദുൽ ഷുക്കൂർ .എം.<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.എം.യു.പി.എസ്. എളേറ്റിൽ | പൊയിലിൽ, പുന്നശ്ശേരി, നരിക്കുനി – 67385 |
| മുജീബ്.പി. സി.<br>സെക്രട്ടറി ഇൻചാർജ് | അസിസ്റ്റന്റ് സെക്രട്ടറി | വള്ളിയേടത്ത് പൊയിലിൽ, പാറന്നൂർ പി.ഒ. കോഴിക്കോട് |
| ജീന. കെ.<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | ജയ നിവാസ് പെരുതാറ്റിൽ പി. ഒ. തലശ്ശേരി-670107 |
| ഡോ ഹൈഫ മൊയ്തൻ.<br>മെഡിക്കൽഓഫീസർ | മെഡിക്കൽ ഓഫീസർ | പുത്തൻ വീട്ടിൽ, ഉണ്ണികുളം പി. ഒ. |
| ശുഭ. സി. വി.<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ | വഴിപോക്കിൽ, കുഴക്കോട്, ചാത്തമംഗലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി-1/ | 2-2 | |

| | | | |
|---|---|---|---|
| | 2317/18/05.12.18 | | |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1717/18(1) | 2-2എ)), 3-3(2), 3-9, 3-12 4-5 | |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1239/16(6)/27.4.2017 | 2-4(സി), 2-5, 3-2,3-3(എ ) 3-3(ബി), (സി), 3-8 | |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2222/18/10.10.18 | 3(12), 3(13)(1), 3(19) | |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2317/18/05.12.18 | 3-1, ,3-5 (1), (2),(3), 3-8, 3-12, 3-17 | |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1718/18/10.10.2018 | 1-5, 2-1, 2-2, 2-3 (1), (2),2-4, 2-5, 2-7, 3-1(1), (2),3-3(3), 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14, 4-3, 4-6 | |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1925/18/22.9.2018 | 1-3, 1-5, 2-1, 2-2, 2-3, 2-4,3-1, 3-2, 3-6, 3-7, 3-8, 3-9, 4-1 | |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2224/18/12.10.2018 | 2-1, 2-2(3), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-14 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1719/18/29.8.2018 | 2-1(1),(2),(3),(5),(6), 2-3, 2-4, 2-5, 2-7, 3-2, 3-3, 3-4, 3-5, 3-10, 3-11, 3-13, 3-17(1), (2), 3-18, | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2225/18/10.10.2018 | 2-1, 2-1(2), 2-1(3), (4), (5),(6), 2-2, 2-5, 2-6, 2-7(1), 2-8, 3-1, 3-2, 3-3(2), (3),(4),(5), (6), 3-8, 3-14 | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 90/2019/5.3.2019 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 | |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി-2/742/2020/ 18.09.2020. | 1-14, 1-15, 1-16, 1-18, 1-20, 1-22, 1-25, 1-26, 1-27, 1-28, 1-29, 2-2, 3-1, 410 | |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്